"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - സിനിമാറ്റിക് ഡ്രീംസ് പ്രൊഡക്ഷന്റെ ബാനറിൽ ശ്രീ. ജയമോഹൻ സംവിധാനം ചെയ്യുന്ന സിനിമയുടെ ചിത്രീകരണത്തിനായി വടവാതൂർ ഇ.എസ്.ഐ ആശുപത്രി പരിസരം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.544/2026/LBR തീയതി,തിരുവനന്തപുരം, 01-04-2026

പരാമർശം:- 1) ശ്രീ. കണ്ണൻ മാവിളങ്ങ്, ലൊക്കേഷൻ മാനേജർ 24.02.2026 തീയതിയായി സമർപ്പിച്ച അപേക്ഷ.

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 17.03.2026 ലെ ബി4-801/26/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിൽ വച്ച് സിനിമാറ്റിക് ഡ്രീംസ് പ്രൊഡക്ഷന്റെ ബാനറിൽ ശ്രീ. ജയമോഹൻ സംവിധാനം ചെയ്യുന്ന സിനിമയുടെ ചിത്രീകരണത്തിന് ആശുപത്രിയുടെ സർജിക്കൽ വാർഡിലെ റൂമും മുൻവശവും അതിന്റെ കോറിഡോറും, മെയിൽ വാർഡിന്റെ നഴ്സിംഗ് റൂമും അനുവദിക്കണെന്നും 06.04.2026 ന് ഷൂട്ടിംഗിന് ഒരു ദിവസവും സെറ്റ് ഇടുന്നതിനായി രണ്ട് ദിവസവും അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം ശ്രീ. കണ്ണൻ മാവിളങ്ങ് അപേക്ഷ സമർപ്പിച്ചിരുന്നു. ടി ചിത്രത്തിന്റെ ചിത്രീകരണത്തിനായി വടവാതൂർ ഇ.എസ്.ഐ ആശുപത്രി അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സിനിമാറ്റിക് ഡ്രീംസ് പ്രൊഡക്ഷന്റെ ബാനറിൽ ശ്രീ. ജയമോഹൻ സംവിധാനം ചെയ്യുന്ന സിനിമയുടെ ചിത്രീകരണത്തിനായി 06.04.2026 ന് ഒരു ദിവസവും സെറ്റ് ഇടുന്നതിനായി രണ്ട് ദിവസവും ചേർത്ത് ആകെ 3 ദിവസത്തേക്ക് വടവാതൂർ ഇ.എസ്.ഐ ആശുപത്രി ഒരു ദിവസം 10,000/- രൂപ എന്ന നിരക്കിൽ വാടകയും 10,000/- രൂപ അഡ്വാൻസും ഈടാക്കി ചുവടെ പറയുന്ന നിബന്ധനകളോടെ ഷൂട്ടിംഗിന് അനുവദിക്കുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ആശുപത്രിയുടെ പ്രവർത്തനം തടസ്സപ്പെടുവാനോ രോഗികൾക്കോ ജീവനക്കാർക്കോ ബുദ്ധിമുട്ട് ഉണ്ടാകുവാനോ പാടുള്ളതല്ല.

**(ii)** ആശുപത്രി കെട്ടിടത്തിനോ പരിസരത്തോ ഉപകരണങ്ങൾക്കോ യാതൊരുവിധത്തിലുമുള്ള കേടുപാടും വരുത്താൻ പാടില്ല.

**(iii)** ചിത്രീകരണത്തിന്റെ സമയക്രമം ആശുപത്രി സൂപ്രണ്ടിനെ മുൻകൂട്ടി അറിയിക്കുകയും സമയക്രമം കർശനമായി പാലിക്കുകയും ചെയ്യേണ്ടതാണ്.

**(iv)** ഏതൊരു സാഹചര്യത്തിലും ആശുപത്രി സൂപ്രണ്ടിന്റെ തീരുമാനം അന്തിമമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. കണ്ണൻ മാവിളങ്ങ്, ലൊക്കേഷൻ മാനേജർ, സിനിമാറ്റിക് ഡ്രീംസ് പ്രൊഡക്ഷൻ, **Vilas Kumar, Emerald Villa, Vellarampara PO, Karimbam, Taliparamba, Kannur, Kerala – 670 142.**
സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, വടവാതൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ)വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 01-04-2026 17:16:52
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.